ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# മർമത്തിൽ തൊടുന്ന മുന്നറിയിപ്പുകൾ

عن أم سلمة قالت استيقظ رسولُ اللهِ صلَّى اللهُ عليهِ وسلَّمَ ليلةً فَزِعًا يقولُ : سبحانَ اللهِ ، ماذا أُنزِلَ الليلةَ من الخزائنِ ؟ وماذا أُنْزِلَ من الفتنِ ؟ من يُوقِظُ صواحبَ الحجراتِ – يريدُ أزواجَهُ – لكي يُصلِّينَ ؟ رُبَّ كاسيةٍ في الدنيا عاريةٍ في الآخرةِ (البخاري)

**ഉമ്മു സലമ (റ) പറയുന്നു: ഒരു രാത്രി അല്ലാഹുവിന്റെ റസൂൽ (സ) ഉറക്കിൽ നിന്ന് പേടിച്ചെഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു: 'സുബ്ഹാനല്ലാഹ്.. ഈ രാത്രി ഖജനാവുകളിൽ നിന്ന് എന്തൊക്കെയാണ് ഇറങ്ങിയത്? എന്തെല്ലാം വിപത്തുകളാണ് ഇറങ്ങിയത് ? ആരാണ് മുറികളിൽ കിടന്നുറങ്ങുന്നവരെ – ഭാര്യമാരെയാണ് ഉദ്ദേശിച്ചത് – നമസ്കാരത്തിനായി എഴുന്നേൽപ്പിക്കുക? ദുൻയാവിലെ എത്രയെത്ര വസ്ത്രധാരികളാണ് പരലോകത്ത് നഗ്നരായി മാറുക!' (ബുഖാരി)**

പരലോക ജീവിതത്തിലെ രക്ഷക്കായി പുണ്യങ്ങളിൽ മത്സരിക്കാൻ നബി (സ) അനുയായികളെ എപ്പോഴും പ്രേരിപ്പിക്കാറുണ്ടായിരുന്നു. അത്തരത്തിലുള്ള ഒരു ഹദീസാണ് മുകളിൽ. രാത്രിയിൽ ഞെട്ടിയുണർന്നയുടനെ വളരെ ആശങ്കയോടെ ചോദിക്കുന്നു: 'ഭൂമിയിലുള്ളവർക്ക് എന്തെല്ലാം അനുഗ്രഹങ്ങളാണ് അവതരിക്കാനിരിക്കുന്നത്? എന്തെല്ലാം വിപത്തുകളാണ് തീരുമാനിക്കപ്പെട്ടിരിക്കുന്നത്?'

പിന്നീട് തന്റെ പത്നിമാരോട് എഴുന്നേൽക്കാൻ ആവശ്യപ്പെടുന്നു. പരലോക പരീക്ഷയിൽ ജയിക്കുവാനായി അവരോട് നമസ്കരിക്കാൻ നിർദേശിക്കുന്നു. പ്രവാചകന്റെ പത്നിമാരാണെന്നതു കൊണ്ട് മാത്രം അവർക്ക് രക്ഷപ്പെടാനാവില്ല എന്ന് ഉണർത്തുന്നു.

പിന്നെ എല്ലാവരോടുമായി ഒരു യാഥാർഥ്യം വിളംബരം ചെയ്യുന്നു: 'ദുൻയാവിലെ എത്രയെത്ര വസ്ത്രധാരികളാണ് പരലോകത്ത് നഗ്നരായി മാറുക!'

ഈ വാക്യത്തിന്റെ പൊരുളെന്താണെന്നതിൽ പണ്ഡിതന്മാർക്ക് പല അഭിപ്രായങ്ങളാണുള്ളത്. അവയിൽ പ്രധാനപ്പെട്ടത് ഇവയാണ്:

ഒന്ന്: നഗ്നത പൂർണമായും മറയ്ക്കാതെ വസ്ത്രം ധരിക്കുന്ന എത്രയെത്ര സ്ത്രീകളെയാണ് പരലോകത്ത് നഗ്നരാക്കി ശിക്ഷിക്കുക.

> **വിവിധ തരം വസ്ത്രങ്ങൾ അണിയുന്ന ധനികരായ എത്രയെത്ര ആളുകളാണ് സൽക്കർമങ്ങൾ കുറവായതിന്റെ പേരിൽ പരലോകത്ത് പ്രതിഫലത്തിന്റെ കാര്യത്തിൽ നഗ്നരായി മാറുക!**

രണ്ട്: വിവിധ തരം വസ്ത്രങ്ങൾ അണിയുന്ന ധനികരായ എത്രയെത്ര ആളുകളാണ് സൽക്കർമങ്ങൾ കുറവായതിന്റെ പേരിൽ പരലോകത്ത് പ്രതിഫലത്തിന്റെ കാ

ര്യത്തിൽ നഗ്നരായി മാറുക!

മൂന്ന്: ഭൗതിക ലോകത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അണിഞ്ഞ എത്രയോ ആളുകൾ അവനോട് കൃതജ്ഞത കാണിക്കാത്തതിനാൽ പ്രതിഫലത്തിന്റെ കാര്യത്തിൽ പരലോകത്ത് വിവസ്ത്രരായി മാറുന്നു.

നാല്: ഇടുങ്ങിയ വസ്ത്രം ധരിച്ച് ശരീരാകൃതി പ്രകടമാക്കിയ എത്രയെത്ര സ്ത്രീകളാണ് പരലോകത്ത് നഗ്നരാക്കി ശിക്ഷിക്കപ്പെടുക.

അഞ്ച്: നല്ല ഭർത്താവിനെ സ്വന്തമാക്കിയ എത്രയെത്ര സ്ത്രീകളാണ് സ്വന്തമായി നന്മകൾ പ്രവർത്തിക്കാത്തതിനാൽ പരലോകത്ത് വസ്ത്രരഹിതരായി നരകത്തിൽ വീഴുക.

ഈ ഹദീസിലെ പ്രധാന പാഠങ്ങൾ ഇവയാണ്:

1. പാപങ്ങളിൽ നിന്ന് പാടെ മാറിനിന്ന അല്ലാഹുവിന്റെ റസൂൽ(സ) പോലും പരലോക ജീവിതത്തെക്കുറിച്ച് ഏറെ പേടിയിലും വെപ്രാളത്തിലുമായിരുന്നു. റസൂലിന്റെ ജീവിതം പഠിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും.

അലി (റ) പറയുന്നു: 'ബദ്ർ ദിനത്തിൽ കുതിരപ്പടയാളിയായി മിഖ്ദാദ് അല്ലാതെ ആരുമില്ലായിരുന്നു. അല്ലാഹുവിന്റെ റസൂൽ (സ) അല്ലാത്ത എല്ലാവരും ഉറങ്ങുകയായിരുന്നു. റസൂലാവട്ടെ ഒരു മരത്തിന് താഴെ പ്രഭാതം വരെ നമസ്കരിക്കുകയും കരയുകയുമായിരുന്നു.' (അഹ്മദ്)

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ എന്നോട് ഖുർആൻ ഓതിക്കൊടുക്കാൻ ആവശ്യപ്പെട്ടു. ഞാൻ ചോദിച്ചു: 'ഞാൻ താങ്കൾക്ക് കേൾപ്പിക്കുകയോ? താങ്കൾക്കല്ലേ അത് അവതരിപ്പിക്കപ്പെട്ടത്?'

'അതെ, മറ്റുള്ളവരിൽ നിന്നത് കേൾക്കാൻ ഞാനേറെ ഇഷ്ടപ്പെടുന്നു.'

അങ്ങനെ ഞാൻ അധ്യായം *അന്നിസാഅ്* പാരായണം ചെയ്യാൻ തുടങ്ങി.

فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدًا

(ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരും. ഇക്കൂട്ടർക്കെതിരെ സാക്ഷിയായി താങ്കളെയും കൊണ്ടുവരും. എന്തായിരിക്കും അപ്പോഴത്തെ അവസ്ഥ! -4:41) എന്ന വാക്യത്തിലെത്തിയപ്പോൾ റസൂൽ (സ) പറഞ്ഞു: 'ഇപ്പോൾ ഇത്ര മതി.'

ഞാൻ പ്രവാചകനെ തിരിഞ്ഞു നോക്കി. റസൂലിന്റെ രണ്ട് കണ്ണുകളിൽ നിന്നും കണ്ണുനീർ പ്രവഹിക്കുന്നുണ്ടായിരുന്നു.' (ബുഖാരി)

2. നബി (സ) പലപ്പോഴും പ്രവാചകത്വത്തിന്റെ അടയാളമെന്നോണം ഭാവിയിലുണ്ടാവുന്ന കാര്യങ്ങൾ സ്വഹാബാക്കളെ ഉണർത്താറുണ്ടായിരുന്നു. പരലോകത്തിലേക്കുള്ള മുന്നൊരുക്കങ്ങൾ നടത്താൻ അനുയായികളെ പ്രോത്സാഹിപ്പിക്കാനാണിത്. ഈ ഹദീസിലും അത്തരത്തിലുള്ള പ്രവചനങ്ങൾ കാണാം.

3. വിപത്തുകളുണ്ടാവുമ്പോൾ കൂടുതൽ അല്ലാഹുവിലേക്ക് അടുക്കുകയും അവ അകറ്റാനായി അവനോട് കേണപേക്ഷിക്കുകയും ചെയ്യണം.

വിശുദ്ധ ഖുർആനും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്:

'അങ്ങനെ നമ്മുടെ ദുരിതം അവരെ ബാധിച്ചപ്പോൾ അവർ വിനീതരാവാതിരുന്നതെന്ത്? എന്നല്ല, അവരുടെ ഹൃദയങ്ങൾ കൂടുതൽ കടുത്തുപോവുകയാണുണ്ടായത്. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം വളരെ നല്ല കാര്യങ്ങളാണെന്ന് പിശാച് അവരെ തോന്നിപ്പിക്കുകയും ചെയ്തു.' (6:43)

4. രാത്രിയുടെ ഉള്ളറകളിലുള്ള പ്രാർഥനകൾ സ്വീകരിക്കപ്പെടാൻ കൂടുതൽ സാധ്യതയുണ്ട്. വിശ്വാസികളുടെ സവിശേഷതകളായി അല്ലാഹു അരുളി:

'പേടിയോടും പ്രത്യാശയോടും കൂടി തങ്ങളുടെ നാഥനോട് പ്രാർഥിക്കാനായി കിടപ്പിടങ്ങളിൽ നിന്ന് അവരുടെ പാർശ്വങ്ങൾ ഉയർന്ന് അകന്നുപോകും. നാം അവർക്കു നൽകിയതിൽ നിന്നവർ ചെലവഴിക്കുകയും ചെയ്യും.' (32:16)

5. നമസ്കാരം വിപത്തുകളെ തടയുകയും പരീക്ഷണങ്ങളെ ലഘൂകരിക്കുകയും ചെയ്യും.

നമസ്കാരം നിർവഹിച്ചവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കുമെന്ന് റസൂൽ (സ) പ്രഖ്യാപിച്ചിട്ടുണ്ട്: 'ആരെങ്കിലും ഫജ്ർ നമസ്കരിച്ചാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്.' (മുസ്‌ലിം)

6. തനിക്ക് നൽകപ്പെട്ട അനുഗ്രഹങ്ങളെ വിസ്മരിക്കുകയും ഇതരരുടെ പുണ്യങ്ങളെ മാത്രം അവലംബിക്കുകയും ചെയ്യുന്നത് പരലോകത്തെ പരാജയത്തിന് ഹേതുവാകും.

എത്ര അടുത്ത ആളുകളാണെങ്കിൽ പോലും പരലോകത്ത് പുണ്യങ്ങളും പാപങ്ങളും പങ്ക് വെക്കാനാവില്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

'മനുഷ്യന് അവൻ പ്രവർത്തിച്ചതല്ലാതൊന്നുമില്ല.' (53:39)

'പാപഭാരം പേറുന്ന ആരും അപരന്റെ ഭാരം വഹിക്കുകയില്ല. ഭാരത്താൽ ഞെരുങ്ങുന്നവൻ തന്റെ ചുമട് വഹിക്കാനാരെയെങ്കിലും വിളിച്ചാൽ അതിൽനിന്ന് ഒന്നുംതന്നെ ആരും ഏറ്റെടുക്കുകയില്ല. അതാവശ്യപ്പെടുന്നത് അടുത്ത ബന്ധുവായാൽപ്പോലും.' (35:18) ●

**നല്ല ഭർത്താവിനെ സ്വന്തമാക്കിയ എത്രയെത്ര സ്ത്രീകളാണ് സ്വന്തമായി നന്മകൾ പ്രവർത്തിക്കാത്തതിനാൽ പരലോകത്ത് വസ്ത്രരഹിതരായി നരകത്തിൽ വീഴുക.**